(ഡി) കൃത്യമായ രോഗനിർണ്ണയം യഥാസമയം നടത്താൻ സാധിക്കാത്തതുമൂലം പാവപ്പെട്ട രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കൂടുതൽ സ്കാനിംഗ് മെഷീനുകളും പരിശോധനാ സംവിധാനങ്ങളും സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരുവർഷം ശരാശരി 6000 എം.ആർ.ഐ സ്കാനിംഗുകളും 36000 സി.റ്റി. സ്കാനിംഗുകളും നടത്തിവരുന്നു.

(ബി) എ.ആർ.ഐ. സ്കാൻ മെഷീൻ - 1

സി.റ്റി. സ്കാൻ മെഷീൻ - 2

(സി) അടിയന്തരമായി എം.ആർ.ഐ., സി.റ്റി. സ്കാൻ പരിശോധന വേണ്ടി വരുന്ന രോഗികൾക്ക് അഡ്മിറ്റ് ചെയ്യുന്ന ദിവസമോ തൊട്ടടുത്ത ദിവസമോ തന്നെ ആയത് നടത്തിവരുന്നുണ്ട്.

(ഡി സർക്കാർ മെഡിക്കൽ കോളേജുകളിലെത്തുന്ന എല്ലാ വിഭാഗം രോഗികൾക്കും മെഡിക്കൽ കോളേജിൽ ലഭ്യമായ രോഗനിർണ്ണയവും ചികിത്സകളും നൽകുന്നുണ്ട്.

(ഇ) പുതുതായി ഒരു എം.ആർ.ഐ. സ്കാൻ മെഷീനും രണ്ട് സി.റ്റി സ്കാൻ മെഷീനുകളും സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

അട്ടപ്പാടിയിലെ ആശുപത്രികൾ

10(717) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിൽ നിലവിൽ എത്ര PHC, CHC-കളാണുള്ളത്, എവിടെയെല്ലാം ;

(ബി) പ്രസ്തുത ആശുപത്രികളിൽ സൃഷ്ടിച്ചിട്ടുള്ള, ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുള്ള ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ എണ്ണവും നിലവിലുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണവും ഇനം തിരിച്ച് വിശദമാക്കുമോ ; ഇവിടെ എത്ര രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ അനുവദിച്ചിട്ടുണ്ട് ; നിലവിൽ എത്ര രോഗികളെവരെ അഡ്മിറ്റ് ചെയ്യുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) അട്ടപ്പാടിയിലെ എല്ലാ ആശുപത്രികളിലുമായി എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

(ഇ) പ്രവർത്തിപ്പിക്കാൻ ജീവനക്കാരില്ലാത്തതിനാൽ ഏതെല്ലാം ആശുപത്രി ഉപകരണങ്ങൾ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവർത്തനരഹിതമാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ജീവനക്കാർ ഉണ്ടെങ്കിലും ഏതെല്ലാം ആശുപത്രി ഉപകരണങ്ങൾ ഇപ്പോൾ പ്രവർത്തന രഹിതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അട്ടപ്പാടി മേഖലയിൽ 3 പി.എച്ച്.സി.-കളും 1 സി.എച്ച്.സി.-യും ഒരു ജെ.ടി.എസ്.എച്ച്-ഉം ആണ് നിലവിലുള്ളത്.

1. സി.എച്ച്.സി. അഗളി
2. പി.എച്ച്.സി. പുതൂർ
3. പി.എച്ച്.സി. ഷോളയൂർ
4. പി.എച്ച്.സി. ആനക്കട്ടി
5. ജെ.ടി.എസ്.എച്ച്., കോട്ടത്തറ

(ബി) പട്ടിക അനുബന്ധം ആയി ചേർക്കുന്നു*

(സി) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുള്ള ജീവനക്കാരുടെ വിശദമായ പട്ടിക അനുബമായി ചേർക്കുന്നു.* ആകെ 54 കിടക്കകളാണ് ടി ആശുപത്രിയിൽ അനുവദിച്ചിട്ടുള്ളത്. നിലവിൽ 100-ൽ കൂടുതൽ രോഗികളെ അഡ്മിറ്റ് ചെയ്യേണ്ടതായി വരുന്നുണ്ട്. 26-11-2014-ൽ ഐ.പി. - 103 എണ്ണമാണ്. ചില ദിവസങ്ങളിൽ ഐ.പി. 124 വരെ ഉയരുന്ന സാഹചര്യമുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) താൽക്കാലിക ജീവനക്കാരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഇ) ജീവനക്കാരില്ലാത്തതിനാൽ പ്രവർത്തനരഹിതമായ ആശുപത്രി ഉപകരണങ്ങൾ 2 USG സ്കാനിംഗ് മെഷീനുകൾ - റേഡിയോളജിസ്റ്റ് ഇല്ലാത്തതിനാൽ പ്രവർത്തനരഹിതമാണ്. എങ്കിലും IMA-യുടെ സഹായത്തോടെ ഡോ. അരുൺ ആനന്ദ്, സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിൽ ഒരു ദിവസം ലഭ്യമാക്കിയിട്ടുണ്ട്.

(എഫ്) ജീവനക്കാരുണ്ടായിട്ടും പ്രവർത്തനരഹിതമായ ആശുപത്രി ഉപകരണങ്ങൾ ഒന്നും തന്നെയില്ല.

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ

11 (718) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ' ഫണ്ടിൽ നിന്നും ഏതെല്ലാം രോഗങ്ങൾക്കാണ് ഇപ്പോൾ ചികിത്സാ ധനസഹായം നൽകുന്നത്;

(ബി) ഏതെല്ലാം ആശുപത്രികളിലെ ചികിത്സകൾക്കാണ് ഇപ്പോൾ ധനസഹായം നൽകുന്നത്; ഇപ്പോൾ പരമാവധി എത്ര രൂപയാണ് നൽകുന്നത്;

(സി) ഈ പദ്ധതി പ്രകാരം ആശുപത്രികൾക്കല്ലാതെ രോഗികൾക്ക് നേരിട്ട് ഫണ്ട് അനുവദിച്ചു നൽകുന്നുണ്ടോ ;

(ഡി) 2014-15 സാമ്പത്തിക വർഷം ഈ പദ്ധതിക്ക് എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) നടപ്പുസാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പൂവർ' ഫണ്ടിൽ നിന്നും താഴെപ്പറയുന്ന രോഗചികിത്സകൾക്കാണ് ചികിത്സാ ധനസഹായം അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly